REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-04-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്ക് സമർപ്പിച്ച നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.
- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകരും ക്രമസമാധാന നിരീക്ഷരും വിവിധ ജില്ലകളിലെത്തി.
- സംസ്ഥാനത്ത് കടുത്ത വേനൽച്ചൂട് തുടരുന്നു. ജില്ലകളിൽ താപനില മുന്നറിയിപ്പ്.
- എഴുത്തുകാരനും നാടകകൃത്തുമായിരുന്ന ഹുസൈൻ കാരാടി കോഴിക്കോട്ട് അന്തരിച്ചു.
- IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്ക് സമർപ്പിച്ച നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടത്തും. ജമ്മുകശ്മീരിൽ നാളെയാണ് സൂക്ഷ്മ പരിശോധന.**

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

.........വോയ്സ്...............

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്ര -ഭരണ പ്രദേശങ്ങളിലുമായി 89 സീറ്റുകളിലാണ് ഇന്നലെ നാമനിർദ്ദേശ പത്രികാ സമർപ്പണം പൂർത്തിയായത്. തിങ്കളാഴ്ച വരെ പത്രിക പിൻവലിയ്ക്കാം. 89 മണ്ഡലങ്ങളിലും ഈ മാസം 26-നാണ് വോട്ടെടുപ്പ്.

കേരളത്തിൽ 290 സ്ഥാനാർത്ഥികൾ പത്രിക നൽകിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. പല സ്ഥാനാർത്ഥികളും ഒന്നിലേറെ പത്രിക നൽകിയതിനാൽ ആകെ 499 നാമനിർദേശ പത്രികകളാണ് ലഭിച്ചത്. തിരുവനന്തപുരത്താണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ- 22. ആലത്തൂരിൽ ഏറ്റവും കുറവ് - എട്ട് സ്ഥാനാർത്ഥികൾ. പൊന്നാനിയിൽ 20 പേരും കണ്ണൂരിൽ 18 പേരും പത്രിക നൽകി.

✪✪✪

ആകാശവാണിയിലും ദൂരദർശനിലും രാഷ്ട്രീയ പാർട്ടികളുടെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണ സമയക്രമം അനുവദിക്കുന്നതിന്റെ നറുക്കെടുപ്പ് ഇന്നലെ ഡൽഹിയിൽ നടത്തി. ദേശീയ പാർട്ടികൾക്ക് ആകാശവാണിയിലും ദൂരദർശനിലും 45 മിനിട്ട് വീതം പ്രചാരണ സമയം അനുവദിക്കും. ഇതിന് പുറമെ ആറ് ദേശീയ പാർട്ടികൾക്ക് അഞ്ചര മണിക്കൂർ പ്രചാരണ സമയവും

നൽകും. ഈ മാസം 16, 23, മെയ് മൂന്ന്, 10, 17, 22, 29, തിയ്യതികളിലായിരിക്കും സമയം നൽകുന്നത്.

✪✪✪

കോൺഗ്രസിന്റെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രകടന പത്രിക ഇന്ന് ഡൽഹിയിൽ പ്രകാശനം ചെയ്യും. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും ചേർന്നായിരിക്കും പ്രകടന പ്രത്രിക പ്രകാശനം ചെയ്യുന്നത്.

BJP -യുടെ പ്രകടന പത്രിക തയ്യാറാക്കുന്ന കമ്മറ്റി ഇന്നലെ ഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് യോഗം ചേർന്നു. മുതിർന്ന പാർട്ടി നേതാവ് രാജ്നാഥ് സിംഗ് നേതൃത്വം നൽകുന്ന 27 അംഗ കമ്മറ്റിയുടെ രണ്ടാമത്തെ യോഗമാണിത്. മുതിർന്ന നേതാക്കളായ നിർമലാ സീതാരാമൻ, അശ്വിനി വൈഷ്ണവ്, കിരൺ റിജിജു, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകരും ക്രമസമാധാന നിരീക്ഷരും വിവിധ ജില്ലകളിലെത്തി. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇന്നലെ നിരീക്ഷകർ ചുമതലയേറ്റു. കോഴിക്കോട് ജില്ലയിൽ ഇന്നലെ നാല് നിരീക്ഷകർ കൂടിയെത്തി.

വരും ദിവസങ്ങളിൽ പോളിംഗ് സ്റ്റേഷനുകളും പോലീസ് സ്റ്റേഷനുകളും നേരിൽ കാണുമെന്ന് ഇന്നലെ അവലോകന യോഗത്തിന് ശേഷം നിരീക്ഷകർ കോഴിക്കോട് അറിയിച്ചു.

✪✪✪

പത്രികാ സമർപ്പണം പൂർത്തിയായതോടെ സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് പ്രചാരണ രംഗത്തിന് വീണ്ടും ചൂടേറി. ദേശീയ - പ്രാദേശിക നേതാക്കൾ പ്രചാരണത്തിന് എത്തിയതോടെ മൂന്ന് മുന്നണികളും ശക്തിയേറിയ പോരാട്ടത്തിന് അരങ്ങ് ഒരുക്കുകയാണ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ വയനാട് ലോക്സഭാ മണ്ഡലത്തിൽ ദേശീയ നേതാക്കളെ പങ്കെടുപ്പിച്ചാണ് പ്രചാരണം കൊഴുക്കുന്നത്.

കൂടുതൽ വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ്.

(വോയ്സ് .................)

✪✪✪

തെരഞ്ഞെടുപ്പ് കാലത്ത് കേരളാ സ്റ്റോറിയെന്ന ചിത്രം പ്രദർശിപ്പിക്കാൻ ദൂരദർശനെടുത്ത തീരുമാനം ഉടൻ പിൻവലിയ്ക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയനും CPIM സംസ്ഥാന ഘടകവും ആവശ്യപ്പെട്ടു. രാജ്യത്തിന്റെ ഔദ്യോഗിക വാർത്താ സംപ്രേഷണ സ്ഥാപനം വഴി ഇത്തരമൊരു ചിത്രം പ്രദർശിപ്പിക്കുന്നതിൽ നിന്ന് കേന്ദ്രം പിൻമാറണമെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ചിത്രം ഇന്ന് സംപ്രേഷണം ചെയ്യുമെന്നാണ് ദൂരദർശൻ അറിയിപ്പ്.

ദൂരദർശനിൽ കേരളാ സ്റ്റോറി പ്രദർശിപ്പിക്കുന്നതിനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കുമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ തിരുവനന്തപുരത്ത് അറിയിച്ചു. തെരഞ്ഞെടുപ്പ് കാലത്ത് ഈ സിനിമ പ്രദർശിപ്പിക്കുന്നതിൽ നിന്ന് കേന്ദ്രം പിൻമാറണമെന്നും സതീശൻ ആവശ്യപ്പെട്ടു.

CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും കേരളാ സ്റ്റോറി പ്രദർശനം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു.

✪✪✪

തിരുവനന്തപുരത്തെ NDA സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്തെത്തും. നെയ്യാറ്റിൻകരയിലെ റോഡ് ഷോയിൽ രാവിലെ സ്ഥാനാർത്ഥിക്കൊപ്പം അമിത് ഷായും പങ്കെടുക്കും.

✪✪✪

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി V. മുരളീധരൻ മണ്ഡലത്തിനായി തയ്യാറാക്കിയ കരട് വികസന രേഖ കേന്ദ്രമന്ത്രി ഡോ. S ജയ്ശങ്കർ പ്രകാശനം ചെയ്തു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ നരേന്ദ്ര മോദി ഗവൺമെന്റ് നടപ്പാക്കിയ നല്ല പ്രവർത്തനങ്ങളുടെ പേരിലാണ് NDA വോട്ട് ചോദിക്കുന്നതെന്ന് ഡോ. ജയ്ശങ്കർ പറഞ്ഞു.

✪✪✪

പത്തനംതിട്ട ജില്ലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിന് 49 സ്ത്രീ സൗഹൃദ പിങ്ക് പോളിംഗ് ബൂത്തുകൾ ഏർപ്പെടുത്തുമെന്ന് ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ അറിയിച്ചു. ഈ ബൂത്തുകളിൽ സ്ത്രീകളെ മാത്രമായിരിക്കും പോളിംഗ് ഉദ്യോഗസ്ഥരായി നിയമിക്കുന്നത്.

✪✪✪

മലപ്പുറം ജില്ലയിൽ ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എക്സൈസ് പരിശോധനയിൽ മൂന്നേ മുക്കാൽ ലക്ഷത്തിൽ പരം രൂപയുടെ വിദേശ മദ്യവും ലഹരി വസ്തുക്കളും പിടികൂടി.

കൊണ്ടോട്ടി, വണ്ടൂർ, മങ്കട, പെരിന്തൽമണ്ണ അടക്കം നിയമസഭാ മണ്ഡലങ്ങളിലായിരുന്നു പരിശോധന.

✪✪✪

ആദായനികുതി റിട്ടേൺ സമർപ്പിക്കാൻ ഈമാസം ഒന്നുമുതൽതന്നെ ഇ-ഫയലിങ് പോർട്ടലിൽ സംവിധാനം ലഭ്യമാക്കിയതായി ആദായനികുതിവകുപ്പ് അറിയിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ ആദ്യമായാണ് സാമ്പത്തിക വർഷത്തിന്റെ ആദ്യദിവസം മുതൽ ആദായനികുതി റിട്ടേൺ സമർപ്പിക്കാൻ അവസരമൊരുക്കുന്നതെന്നും ഇത് സേവനത്തിലെ വലിയ മുന്നേറ്റമാണെന്നും ആദായനികുതിവകുപ്പ് വ്യക്തമാക്കി. 23,000-ത്തോളം റിട്ടേണുകൾ ഇതിനകം ഫയൽ ചെയ്തതായും വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉയർന്ന വേനൽച്ചൂട് തുടരുന്നു. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തീരത്ത് ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്.

(വോയ്സ്)

തിങ്കളാഴ്ച വരെയാണ് ഉയർന്ന താപനില മുന്നറിയിപ്പ്. കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്.

ഉയർന്ന താപനില കണക്കിലെടുത്ത് കാലാവസ്ഥാ വകുപ്പ് യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി ഒന്നേകാൽ മീറ്ററോളം വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നാണ് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്.

✪✪✪

രാത്രികാലത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ ഉപഭോക്താക്കളുടെ ഭാഗത്ത് നിന്ന് സഹകരണം ആവശ്യമാണെന്ന് KSEB അറിയിച്ചു. AC-യുടെ ഉപയോഗം കൂടിയതും രാത്രി സമയത്ത് വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതും കൂടുതൽ വൈദ്യുതി ആവശ്യമായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതും മൂലം വൈകിട്ട് ആറ് മുതൽ രാത്രി കാലങ്ങളിൽ വൈദ്യുതി തടസ്സം വർദ്ധിച്ചു വരികയാണെന്ന് KSEB വിശദീകരിച്ചു. പ്രസരണ - വിതരണ ട്രാൻസ്ഫോർമറുകളിൽ ലോഡ് ക്രമാതീതമായി വർദ്ധിക്കുന്നതു മൂലം ഫ്യൂസ് പോവുകയോ വോൾട്ടേജ് കുറവ് ഉണ്ടാവുകയോ ചെയ്യും.

✪✪✪

എഴുത്തുകാരനും നാടകകൃത്തുമായിരുന്ന ഹുസൈൻ കാരാടി കോഴിക്കോട്ട് അന്തരിച്ചു. ചികിത്സയിലിരിക്കെയായിരുന്നു 72 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ആകാശവാണിയിലൂടെ അദ്ദേഹത്തിന്റെ നൂറിലേറെ നാടകങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. സ്വന്തം നാടകങ്ങൾക്കു പുറമെ പ്രശസ്തരായ എഴുത്തുകാരുടെ നോവലുകൾക്കും അദ്ദേഹം റേഡിയോ നാടകരൂപം നല്കി. 50-ലേറെ ചെറുകഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാവിലെ 8 മുതൽ താമരശ്ശേരി ഗവണ്മെന്റ് UP സ്കൂളിൽ മൃതദേഹം പൊതുദർശനത്തിന് വെക്കും. തുടർന്ന് താമരശ്ശേരി കെടവൂർ ജുമാ മസ്ജിദിൽ ഖബറടക്കും.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ഹൈദരാബാദിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ചെന്നൈയിൻ FC-ക്ക് ജയം. ചെന്നൈയിൽ ജംഷഡ്പൂർ FC യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് അവർ തോൽപ്പിച്ചത്.

ഇന്ന് ഗോവ FC ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോവയിലാണ് മത്സരം.

✪✪✪

പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥന്റെ ദുരൂഹ മരണത്തിലെ അന്വേഷണം CBI ഉടൻ ഏറ്റെടുക്കമെന്ന് ആവശ്യപ്പെട്ട് പിതാവ് ജയപ്രകാശ് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ഗവൺമെന്റിന്റെ CBI അന്വേഷണ ഉത്തരവ് നാമമാത്രമാണെന്നും രേഖകൾ കൈമാറാതെ തുടർനടപടികൾ ബോധപൂർവ്വം വൈകിപ്പിക്കുകയാണെന്നും ഹർജിയിൽ ആരോപിക്കുന്നു.

✪✪✪

ചെന്നൈയിൽ നിന്ന് 95 നോട്ടിക്കൽ മൈൽ അകലെ അപകടത്തിൽ പെട്ട ബോട്ടിൽ നിന്ന് എട്ട് മത്സ്യത്തൊഴിലാളികളെ തീരസംരക്ഷണ സേന

രക്ഷപ്പെടുത്തി. രക്ഷാദൗത്യത്തിൽ, മത്സ്യബന്ധന ബോട്ടിലെ 10 ജീവനക്കാരിൽ ഒരാൾ മരിച്ചു. മറ്റൊരാളെ കാണാതായി. ഇയാൾക്കായി തെരച്ചിൽ തുടരുകയാണ്. രക്ഷപെട്ട തൊഴിലാളികളെ ചെന്നൈ തീരത്ത് എത്തിച്ചു.

✪✪✪

നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ വായ്പാ നയ പ്രഖ്യാപനം ഇന്ന്. റിസർവ്വ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് വായ്പാ നയം പ്രഖ്യാപിയ്ക്കും. റിപ്പോ നിരക്കിൽ മാറ്റമുണ്ടായേക്കില്ലെന്നാണ് റിപ്പോർട്ടുകൾ.

✪✪✪

താമരശ്ശേരി ചുരത്തിൽ പിക്കപ്പ് വാൻ മറിഞ്ഞ് ഡ്രൈവർക്ക് ഗുരുതരമായി പരിക്കേറ്റു. ചുരത്തിലെ 2,3 വളവുകൾക്ക് സമീപം പുലർച്ചെ രണ്ടു മണിയോടെയായിരുന്നു അപകടം. ഇയാളെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

✪✪✪